**<u>15 -ാം കേരള നിയമസഭ</u>**

**<u>10 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1634</u>** **<u>02-02-2024 - ൽ മറുപടിയ്ക്ക്</u>**

**<u>കാർഷികാവശ്യ കണക്ഷനുകളുടെ വൈദ്യുതി ബിൽ കുടിശിക തീർപ്പാക്കുന്നതിന് നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നതും നിലവിൽ കൃഷിഭവൻ മുഖേന വൈദ്യുതി ബിൽ അടച്ചുവരുന്നതുമായ കണക്ഷനുകൾക്ക് എത്ര മാസത്തെ വൈദ്യുതി ബിൽ കുടിശികയായുണ്ടെന്നും എത്ര രൂപ കുടിശികയുണ്ടെന്നും ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (എ) | **ചെറുകിട നാമമാത്ര കർഷകർക്ക് കാർഷികാവശ്യത്തിനുള്ള സൗജന്യ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലകളിൽ നിന്നും ശേഖരിച്ച കൃഷി വകുപ്പിന്റെ കണക്കനുസരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.** |
| (ബി) | കൃഷി വകുപ്പിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടും വൈദ്യുതി കുടിശിക സമയബന്ധിതമായി അടച്ച് തീർക്കാത്ത കൃഷി ഭവനുകളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ബി) | നടപ്പ് സാമ്പത്തിക വർഷം ലഭ്യമായ ബജറ്റ് വിഹിതത്തിൽ നിന്നും നടപ്പ് വർഷത്തെ വൈദ്യുതി ബില്ല് DBT സ്കീം പ്രകാരം നേരിട്ട് നൽകി വരികയാണ്. പ്രസ്തുത ബജറ്റ് വിഹിതത്തിൽ നിന്നും കുടിശ്ശിക തീർപ്പാക്കാനുള്ള ഇനത്തിൽ കൃഷിഭവനുകൾക്ക് തുകയൊന്നും നൽകിയിട്ടില്ല. |
| (സി) | ഈ സാമ്പത്തിക വർഷം അവസാനിക്കും മുമ്പ് മുഴവൻ കുടിശികയും അടച്ച് തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | 20.07.2021 വരെയുള്ള (DBT സ്കീമിൽ ഉൾപ്പെട്ട) കാർഷിക ഉപഭോക്താക്കളുടെ OTS -ൽ ഉൾപ്പെടുത്താവുന്ന തുകയായി കെ.എസ്.ഇ.ബി യ്ക്ക് നൽകേണ്ടതായുള്ള കുടിശ്ശിക, മുതൽതുകയായി 71.88 കോടി രൂപയും OTS പ്രകാരമുള്ള പലിശയായ 11.33 കോടി രൂപയും ഉൾപ്പെടെ ആകെ 83.21 കോടി രൂപ അനുവദിക്കണമെന്നുള്ള ശിപാർശ ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ജില്ല | കുടിശ്ശിക (2018-19 മുതൽ 2022-23) വരെ (ലക്ഷം രൂപ) |
|---|---|---|
| 1 | തിരുവനന്തപുരം | 36.83075 |
| 2 | കൊല്ലം | 0 |
| 3 | പത്തനംതിട്ട | 8.01018 |
| 4 | ആലപ്പുഴ | 1011.02495 |
| 5 | കോട്ടയം | 528.28461 |
| 6 | എറണാകുളം | 498.13717 |
| 7 | ഇടുക്കി | 33.57632 |
| 8 | തൃശ്ശൂർ | 384.71296 |
| 9 | പാലക്കാട് | 4560.44143 |
| 10 | മലപ്പുറം | 31.88550 |
| 11 | കോഴിക്കോട് | 41.42807 |
| 12 | വയനാട് | 56.14080 |
| 13 | കണ്ണൂർ | 67.37216 |
| 14 | കാസർഗോഡ് | 1295.75414 |
|  | ആകെ | 8553.59904 |